മായ നടപടികൾ സ്വീകരിക്കാൻ ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥി, ക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നിന്ന് ഇതുവരെ 20 കേസുകൾ എടുത്തിട്ടുണ്ട്. നീലച്ചിത്രങ്ങൾ കാണിക്കുന്നതായുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുകയും അത് തടയുന്നതിനാവശ്യമായ നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മലയാള മനോരമയിൽ ഇതു സംബന്ധമായി വന്ന ഒരു സർവ്വേ റിപ്പോർട്ട് ഗവൺമെൻറ് പരിശോധിക്കുകയുണ്ടായി. ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വ്യാപകമായി അതിനെക്കുറിച്ച് അന്വേഷണം നടത്തുകയാണ്. ഉൾനാടൻ പ്രദേശങ്ങളിൽപ്പോലും നീലച്ചിത്രങ്ങൾ വീഡിയോയിൽ പ്രദർപ്പിക്കുന്നു എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യാപകമായ തിരച്ചിൽ നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇത് കണ്ടുപിടിച്ച് തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കോട്ടയം ജില്ലയിൽ പുഞ്ച സ്പെഷ്യലാഫീസ് ഇല്ലാത്തതിൻെറ ബുദ്ധിമുട്ട്

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, കോട്ടയം ജില്ലയിലെ വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകളിലെ വടക്കൻ കുട്ടനാടൻ നെൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കോട്ടയം ആസ്ഥാനമാക്കി ഒരു പുഞ്ച സ്പെഷ്യൽ ഓഫീസ് ഇല്ലാത്തതിൻെറ പേരിൽ കാലാകാലങ്ങളിൽ അവർ അനുഭവിക്കുന്ന കഷ്ടതകളേയും ബുദ്ധിമുട്ടുകളേയും സംബന്ധിച്ച് ഇതിനകം പല നിവേദനങ്ങളും വഴി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഞാൻ തന്നെ രണ്ടു പ്രാവശ്യം ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെയും, സബ്മിഷനിലൂടെയും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രി അനുകൂലമായ മറുപടി പറഞ്ഞെങ്കിലും ഇന്നുവരെ ഫലത്തിൽ വന്നിട്ടില്ല. ചില്ലറ ആനുകൂല്യങ്ങൾ വാങ്ങുന്നതിനുവേണ്ടി ഈ പ്രദേശങ്ങളിലുള്ള ആളുകൾ മൈലുകൾ താണ്ടി കായലും കടന്ന് ആലപ്പുഴയിൽ പോകുന്ന ഗതികേടാണ് ഇന്ന് ഈ കർഷകർക്കുള്ളത്. അതൊന്ന് അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെൻറ് ശ്രദ്ധിക്കണം. ഈ കഴിഞ്ഞ 4-ാം തീയതി കോട്ടയം ജില്ലയിൽ ബഹുമാനപ്പെട്ട മന്ത്രിമാരും എല്ലാ എം. എൽ. എ. മാരും വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളെപ്പറ്റി ആലോചിക്കുന്നതിനുവേണ്ടി കൂടിയ അവസരത്തിൽ ഈ കാര്യം ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. എല്ലാവർക്കും അത് മനസ്സിലാക്കിയിട്ടുള്ളതുമാണ്. അതുകൊണ്ടു ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് ഉടനേ തന്നെ കോട്ടയം ആസ്ഥാനമാക്കി ഒരു പുഞ്ച സ്പെഷ്യൽ ആഫീസ് ആരംഭിച്ച് കർഷകരെ സഹായിക്കണമെന്ന് കർഷകർക്കുവേണ്ടി ഞാൻ ബഹു. ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, കഴിഞ്ഞ ഏപ്രിൽ ഒന്നാം തീയതി പുഞ്ച സ്പെഷ്യൽ ഓഫീസ് തുടങ്ങണം എന്ന് നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ ഒരു സബ്മിഷൻ വഴി ഉന്നയിക്കുകയുണ്ടായി. ഗവൺമെൻറിൻെറ തീരുമാനം കോട്ടയത്തു ഇന്ന് സ്പെഷ്യൽ ഓഫീസ് തൽക്കാലം ആവശ്യമില്ല എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly